"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.സന്മ ജിഷ്ണുദാസ് - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇ.യു) വകുപ്പ്**

സ.ഉ(സാധാ) നം.1391/2021/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം,26/07/2021

---

പരാമർശം:-

1. 22.08.2019 തീയതിയിലെ സ.ഉ(സാധാ) നം.1817/2019/ത.സ്വ.ഭ.വ ഉത്തരവ്.
2. മുഖ്യനഗരാസൂത്രകന്റെ 05.03.2021 ലെ TCPCTP/1520/2020-A3 നമ്പർ കത്ത്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 16.12.2020ലെ GE11/A/TPS-72/673 നമ്പർ കത്ത്.

**ഉത്തരവ്**

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 27.08.2019 മുതൽ കണ്ണൂർ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.സന്മ ജിഷ്ണുദാസ് , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 26.02.2020-ന് പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാളുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു..

2. ടിയാൾ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 27.08.2019-ന് ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ കണ്ണൂർ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി സന്മ ജിഷ്ണുദാസിന്റെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 27.02.2020-ന് പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി സന്മ ജിഷ്ണുദാസ്, ഡെപ്യൂട്ടി ടൗൺ പ്ലാനർ, (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/93/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ